"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.സനൽകുമാർ. എസ് ന്റെ സീനിയോറിറ്റി പുന:സ്ഥാപിച്ച് സെലക്ഷൻ ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.744/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/03/2021

---

പരാമർശം:- 1 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.01.2021 ലെ OA 1/2021 നം. ഉത്തരവ്.

2 പഞ്ചായത്ത് ഡയറക്ടറുടെ 08.02.2021 ലെ PAN/1455/2021-E14(DP) നം. കത്ത്

**<u>ഉത്തരവ്</u>**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.സനൽകുമാർ. എസ് ഫയൽ ചെയ്തിരുന്ന OA 1/2021 നമ്പർ ഹർജിയിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനക്സർ എ1 4 നിവേദനത്തിൻമേൽ ഒന്നാം കക്ഷിയായ സർക്കാർ നിയമപ്രകാരം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു.

2. അപേക്ഷകൻ അന്തർജില്ലാ സ്ഥലംമാറ്റം പ്രയോജനപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാന്റെ സീനിയോറിറ്റി ശ്രീ. മധുസൂദനൻ. കെ ശ്രീ. രാധാകൃഷ്ണൻ ടി.എസ് എന്നിവർക്ക് മധ്യേ ആയി പുന:സ്ഥാപിച്ച് സെലക്ഷൻ ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകണമെന്ന് അപേക്ഷിച്ച് ശ്രീ.സനൽകുമാർ. എസ് സമർപ്പിച്ച 22/12/2020 ലെ നിവേദനമാണ് അനക്സർ എ14.

3. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം കേരള പി.എസ്.സി യുടെ 14.03.2006 ലെ അഡ്വൈസ് പ്രകാരം കോട്ടയം ജില്ലയിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. സനൽകുമാർ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ല സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും തിരുവനന്തപുരം ജില്ലയിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ 2011 ൽ കൊല്ലം ജില്ലയിലേക്ക് ടിയാന് സ്ഥലം മാറ്റം അനുവദിക്കുകയും കൊല്ലം ജില്ലയിൽ സർവ്വീസിൽ തുടരവെ 2013 ൽ ഗ്രേഡ് I റേഷ്യാ പ്രാമോഷൻ അനുവദിക്കുകയും 2015 ൽ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തു. ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ ആഫീസിൽ നിന്നും പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ അപേക്ഷകനെ 21-ാമതായി ഉൾപ്പെടുത്തിയിരുന്നു. ടിയാന് അന്തർ ജില്ല സ്ഥലം മാറ്റം അനുവദിക്കുന്നതിന് അപേക്ഷ നൽകിയ ജില്ലയിൽ(തിരുവനന്തപുരം) സ്ഥലംമാറ്റം അനുവദിച്ച തീയതി പ്രകാരം ടിയാന്റെ സീനിയോറിറ്റി 149 ആയി അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവർ തസ്തികയിലേക്ക് ജില്ലാതല നിയമനമായതിനാലും അന്തർജില്ല സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിൽ ജൂനിയർ ആകുകയും സംസ്ഥാനതലത്തിലെ സീനിയോറിറ്റി ലിസ്റ്റിൽ പുറകോട്ട് മാറ്റുകയും ചെയ്യുന്നു. പഞ്ചായത്ത് വകുപ്പിലെ ഡ്രൈവർ തസ്തികയിലെ കേഡർ സ്ട്രെങ്ത് ഗ്രേഡ് അനുസരിച്ചുള്ള പ്രത്യേകം തസ്തികകളായി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രേഡ് ലഭിച്ചു കഴിഞ്ഞാലും സംസ്ഥാനതല

സീനിയോറിറ്റിയായി പരിഗണിക്കുന്നതിന് കഴിയുകയില്ല. അന്തർ ജില്ല സ്ഥലം മാറ്റം ലഭിച്ചപ്പോൾ ഗ്രേഡ് ലഭിച്ചിട്ടുണ്ടെന്ന കാരണത്താൽ സിനിയോറിറ്റി നിലനിർത്തുന്നതിന് കഴിയുകയില്ല. ആയതിനാൽ 29.12.2018 ലെ ഇ 14-10/2016 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ ടിയാൻ 149-ആയി സീനിയോറിറ്റിയിൽ മാറ്റം ഉൾപ്പെടുത്തിയത്. പഞ്ചായത്ത് ഡയറക്ടറുടെ ആഫീസിൽ നിന്നുള്ള 23.09.2020 ലെ ഉത്തരവിൽ ടിയാന്റെ സീനിയോരിറ്റി 21-ാം നമ്പരായി ഉൾപ്പെടുത്തി സെലക്ഷൻ ഗ്രേഡ് അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിൽ തുടർന്ന് ടിയാന്റെ സീനിയോറിറ്റി 149 ആയി ക്രമീകരിച്ചിട്ടുള്ളതിനാൽ 23.09.2020 ലെ ഉത്തരവ് റദ്ദ് ചെയ്ത് 29.09.2020 ൽ പുതിയ ഉത്തരവായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പ്രസ്താവിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. സനൽകുമാർ ഗ്രേഡ് I ഡ്രൈവറായിരുന്നപ്പോൾ കൊല്ലം ജില്ലയിൽ നിന്ന് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റകയായിരുന്നുവെന്നും ആയത് സംസ്ഥാനതല കേഡറായതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ ബാധകമല്ലെന്നും ടിയാൻ അന്തർജില്ലാ സ്ഥലംമാറ്റം പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ സീനിയോറിറ്റി ശ്രീ. മധുസൂദനൻ. കെ ശ്രീ. രാധാകൃഷ്ണൻ ടി.എസ് എന്നിവർക്ക് ഇടയിലായി പുന:സ്ഥാപിച്ച് സെലക്ഷൻ ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകണമെന്നുള്ള ശ്രീ. സനൽകുമാർ. എസ് സമർപ്പിച്ചിട്ടുള്ള അനക്സർ എ 14 നിവേദനത്തിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീ. സനൽകുമാർ. എസ്, സീനിയർ ഗ്രേഡ് ഡ്രൈവർ, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം (സെക്രട്ടറി, ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം മുഖേന)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/15/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ